കേരളത്തെ നിക്ഷേപകരുടെ
ലക്ഷ്യസ്ഥാനം ആക്കുന്നതിനും
ആഗോളസാമ്പത്തിക പ്രവർത്തനത്തിന്റെ
ഹബ് ആക്കിമാറ്റുന്നതിനുമായി നടത്തുന്ന
'എമർജിങ് കേരള' പരിപാടി യഥാർത്ഥത്തിൽ
കേരളത്തെ വിൽക്കാൻ വേണ്ടി
ഷോക്കേസിൽ വയ്ക്കുകയാണെന്ന്
**സി.ആർ. നീലകണ്ഠൻ**

# എമർജിംഗ് കേരള: മാറ്റം ലേബലിൽ മാത്രം

**ചരിത്രം** ആവർത്തിക്കുന്നുവെങ്കിൽ അതു 'കോമാളിത്തര'മായിട്ടായിരിക്കുമെന്നു പ്രവചിച്ചത് കാൾ മാർക്സാണല്ലോ. ഇവിടെ നാമതു കാണുന്നു. എല്ലാം പഴയതു പോലെ കേരളത്തെ 9 വർഷം പുറകോട്ട് കൊണ്ടുപോകുന്നു. 2003-ൽ കൊച്ചിയിൽ ഒരു 'ജിം' (കായികാധ്വാനമല്ല, ആഗോള നിക്ഷേപക സംഗമം) നടത്തിയതോർക്കുന്നില്ലേ? അതിന്റെ തനിയാവർത്തനം തന്നെ. പഴയ കലാകാരന്മാരിൽ മിക്കവരും ഉണ്ട്. മുഖ്യഗായകൻ വ്യവസായമന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടിതന്നെ. ചെറിയൊരു മാറ്റം മുഖ്യമന്ത്രിയിൽ, ഇപ്പോൾ സുതാര്യ കേരളവും അതിവേഗം ബഹുദൂരവും ഒക്കെ വഴി ജനപ്രിയനായ ഉമ്മൻചാണ്ടിയാണ് ആ സ്ഥാനത്ത്. പഴയ ജിമ്മിന്റെ കാലത്ത് എ.കെ. ആന്റണിയും. ആന്റണി പിന്തുണയുമായി ദില്ലിയിൽ നിന്നെത്തുമായിരിക്കും. പഴയ പക്കക്കാരിലെ പ്രധാനിയായ ടി. ബാലകൃഷ്ണൻ (കൊക്കകോള - ഭൂപരിധി- ആറന്മുള - കിനാലൂർ ഫെയിം) ഇപ്പോഴും പുതിയ പദവിയിലിരിക്കുന്നു. കേരളത്തിലെ ഭൂമിവ്യാപാരം നിയന്ത്രിക്കുന്ന 'ഇൻകെൽ' എന്ന സ്ഥാപനത്തിന്റെ തലപ്പത്താണ് ടിയാൻ. എന്നാൽ പഴയ ജിം എന്നത് അൽപ്പം മാറ്റി. പകരം 'എമർജിങ് കേരള' (ഉയർത്തെഴുന്നേൽക്കുന്ന കേരളം) എന്നാക്കി. ഒരുപക്ഷെ ബോറടിച്ചതു കൊണ്ടാവാം പേരു മാറ്റിയത്. മറ്റൊരു കാരണവുമുണ്ടാകാം. ഏറെ ആഘോഷത്തോടെ 2003ൽ നടത്തിയ നിക്ഷേപകസംഗമത്തിൽ നിരത്തി (വിൽപ്പനക്കു) വച്ച ഒരൊറ്റ പ്രധാന പദ്ധതിപോലും നടപ്പായില്ലായെന്ന സത്യം ഇവർക്കറിയാം. അതുകൊണ്ടു 'അറംപറ്റിയ' ആ പേരു മാറ്റിയതാകാം. എന്നായാലും പഴയ ശൈലി ഉപയോഗിച്ചുപറഞ്ഞാൽ വീഞ്ഞും കുപ്പിയും പഴകിയത്. ലേബൽ മാത്രം പുതിയത് എന്നാക്കാമെന്നു തോന്നുന്നു. പരിപാടി നടക്കുന്ന സ്ഥലം പോലും മാറിയിട്ടില്ല. പരമ ദരിദ്രർക്കുപോലും എപ്പോഴും കയറിച്ചെല്ലാവുന്ന ഗൾഫാർ മുഹമ്മദാലിയുടെ ലെമെറിഡിയൻ ഹോട്ടൽ തന്നെ! 2012 സെപ്റ്റംബർ 12 മുതൽ 14 വരെയാണിത് നടക്കുക.

എന്തിനാണ് ഈ അധ്വാനം എന്നതിനെപ്പറ്റി കഴിഞ്ഞ തവണ എഴുതിയതെല്ലാം ഇപ്പോഴും ആവർത്തിക്കുന്നു. കേരളത്തിന്റെ പ്രകൃതിദത്ത പ്രത്യേകതകൾ, സാമൂ

ഹ്യവികസനരീതികൾ, സമത്വാധിഷ്ഠിത രാഷ്ട്രീയസമീപനം... ഇനിയാകെ വേണ്ടത് 'നിക്ഷേപകർ' മാത്രം. പണവും കൊണ്ടുവന്ന് ഇന്നാട്ടിലെ സമൃദ്ധങ്ങളായ മനുഷ്യപ്രകൃതിവിഭവങ്ങൾ ഉപയോഗിച്ച് നിങ്ങൾ വികസിക്കുക. കൂടെ എന്തെങ്കിലും നമുക്കും കിട്ടണം. കേരളത്തെ നിക്ഷേപകരുടെ ലക്ഷ്യസ്ഥാനം ആക്കലും ആഗോളസാമ്പത്തിക പ്രവർത്തനത്തിന്റെ ഹബ് ആക്കലുമാണ് ഇതിന്റെ പ്രഖ്യാപിതലക്ഷ്യമായി പറയുന്നത്. ഇതുവഴി സമത്വാധിഷ്ഠിതമായ ഒരു സാമൂഹ്യസാമ്പത്തികവളർച്ച ഉണ്ടാകുമത്രേ! മൂലധനകേന്ദ്രീകരണംകൊണ്ട് എവിടെയെങ്കിലും സമത്വം ഉണ്ടായിട്ടുണ്ടോ എന്നു ചോദിക്കരുത്. ഈ ഇടപാടിൽ പങ്കാളികളാക്കുന്നവർക്കെല്ലാം സമത്വാധിഷ്ഠിതമായി കൊള്ള നടത്താൻകഴിയുമെന്നായിരിക്കും പറയുന്നത്. എന്നായാലും, കേരളത്തെ വിൽക്കാൻ വേണ്ടി ഷോക്കേസിൽ വയ്ക്കുന്നുവെന്നാണിവർ അവകാശപ്പെടുന്നതും എന്നുപറയാം. കേരള സർക്കാരിലെ വ്യവസായ വകുപ്പും കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുടെ കേരള ഘടകവും നാസ്കോമും (സോഫ്ട് വെയർ-സേവനനദാതാക്കളുടെ അഖിലേന്ത്യാ സംഘടന) ചേർന്നാണിതൊരുക്കുന്നത്. ബിസിനസ്സ് യോഗങ്ങൾ, ഉഭയകക്ഷി (പുറത്തുള്ള ബിസിനസ്സുകാരും ഇന്ത്യയിലെ ബിസിനസ്സുകാരുമായുള്ള ബി2ബി യും ബിസിനസ്സുകാരും സർക്കാരുമായുള്ള ബി2ജിയും) ചർച്ചകൾ, മേഖല തിരിച്ചുള്ള വട്ടമേശസമ്മേളനപരിപാടികൾ, കലാപരിപാടികൾ... ഒക്കെയുള്ള പരിപാടിയാണത്.




**ദരിദ്രർക്കും സാധാരണക്കാർക്കും ശുദ്ധജലമോ ശുദ്ധ ഭക്ഷണമോ നൽകികൊണ്ടല്ല കേരളം 'ഉയർത്തെഴുന്നേൽക്കുന്നത്.' മറിച്ച് കുത്തകകൾക്ക് കൊള്ള നടത്താനും സമ്പന്നർക്ക് ആർമാദിക്കാനും അവസരമൊരുക്കി കൊണ്ടാണ്**

ഇവിടെ ദോഷൈകദൃക്കുകൾക്ക് ചില പ്രാഥമികസംശയങ്ങളുണ്ടാകാം. ആഗോളസമ്പദ്ഘടന കത്തിനിൽക്കുന്ന കാലത്താണ് 2003ലെ ജിം നടന്നത് എന്നിട്ടെന്തുണ്ടായി? ഒന്നുമുണ്ടായില്ല. ഇപ്പോൾ ആഗോളതലത്തിൽ മഹാമാന്ദ്യത്തിന്റെ കാലമാണ്. യൂറോപ്പിന്റെ അന്ത്യശ്വാസം നമുക്കു കേൾക്കാം. അവർക്ക് ജീവൻ നൽകണമെങ്കിൽ മൂന്നാംലോകത്ത് (പ്രത്യേകിച്ചും ഇന്ത്യ, ചൈന, ദക്ഷിണാഫ്രിക്ക, ലാറ്റിൻ അമേരിക്ക...) നിന്നും വിഭവങ്ങൾ കിട്ടണം. ലാറ്റിനമേരിക്കയൊന്നും പഴയതുപോലെ വഴങ്ങുന്നില്ല. ആഫ്രിക്കയും ഗുണത്തിലല്ല. ആകെയുള്ളത് ഇന്ത്യയും ചൈനയുമാണ്. ഇന്ത്യയിലെ പ്രകൃതിവിഭവങ്ങളും കേരളത്തിന്റെ കമ്പോളവും ആഗോളമൂലധനത്തിനു പ്രധാനമാണെന്നതിനാൽ അതിനായി എന്തടവും പ്രയോഗിക്കാൻ ഇവർ തയ്യാറാകും. വളരെ ഉയർന്ന വിഹിതം നമ്മുടെ ഭരണകർത്താക്കളായ ഇവരുടെ ഏജന്റ് മാർക്ക് ലഭിക്കുന്നു. ഇതിനെ മഹാവികസനകാഹളമെന്നവർ പ്രകീർത്തിക്കുന്നു. ജിമ്മിന്റെ ബാക്കിപത്രം എന്തെന്നു പറയാനുള്ള ബാധ്യതയെങ്കിലും ഇവർക്കില്ലേ!

പാരിസ്ഥിതികമായ സന്തുലനം, സാമൂഹ്യസമത്വം തുടങ്ങിയ വാക്കുകൾ ഇടക്കിടക്ക് ആവർത്തിക്കുന്നതുകൊണ്ടെന്തു കാര്യം! നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളിലാണതുകാണേണ്ടത്. വിശദമായ ഒരു പരിശോധനക്ക് തൽക്കാലം മുതിരുന്നില്ല. എങ്കിലും ചില പൊതുസമീപനങ്ങൾ പരിശോധിക്കേണ്ടതുണ്ട്.

കേരളത്തിൽ നിർദ്ദേശിക്കപ്പെട്ട പദ്ധതികൾക്ക് പഴയ ജിം പദ്ധതികളുമായുള്ള സാമ്യം കേവലം യാദൃശ്ചികമല്ല എന്നു കാണാം. ഇവിടെ ചില മെഗാ പദ്ധതികൾ മുന്നോട്ടു വയ്ക്കുന്നുണ്ട്. ഒപ്പം ഉൽപാദന സേവനമേഖലകളിലെ ഒട്ടനവധി പദ്ധതികളുമുണ്ട്. മിക്ക പദ്ധതികളുടെയും പ്രധാന ലക്ഷ്യം കച്ചവടമാണ്. അതിലൊന്നാം സ്ഥാനം പതിവുപോലെ കേരളത്തിന്റെ ഭൂമിക്കാണ്. പിന്നെ മണ്ണ്, മണൽ, ധാതുക്കൾ, പൊതുആസ്തികൾ, ജലം, ജൈവവൈവിധ്യം... അങ്ങനെ പലതും വരുന്നു.

വൻപദ്ധതികളിൽ പ്രകൃതിവാതകാധിഷ്ഠിത പദ്ധതികളുണ്ട്. കൊച്ചിയിൽ വരുന്ന പ്രകൃതിവാതകടെർമിനലും മംഗലാപുരം ബാംഗളൂരു പൈപ്പ് ലൈനുകളും നിർമ്മാണം പൂർത്തിയായാലുള്ള സാധ്യതകളാണിത്. നഗരങ്ങളിൽ പാചകവാതകവിതരണം, കെ.എസ്.ആർ.ടി.സി ബസുകൾക്ക് പ്രകൃതിവാതകമടിക്കാനുള്ള സൗകര്യം, പ്രധാന പൈപ്പ്ലൈനിൽനിന്നും ചെറുകിട പൈപ്പുകളിടൽ, വാതകാധിഷ്ഠിതകമ്പനികൾ, ചെറുതും വലുതുമായ കമ്പനികൾ മുതലായവ ഇതിൽപ്പെടുന്നു. കൊച്ചിയിൽനിന്നുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ശക്തമായ പ്രതിഷേധങ്ങൾ നിലനിൽക്കുന്നുണ്ട്. സ്ഥലമെടുപ്പുപോലും നടത്തിയിട്ടില്ല. എങ്കിലും എന്തെങ്കിലും വരുമെന്നു കരുതാം. ചീമേനി താപനിലയമാണ് ഒരു വൻപദ്ധതിയാ

യി ഇനി നിൽക്കുന്നത്. അതിനെതിരായി ശക്തമായ രാഷ്ട്രീയ പ്രക്ഷോഭങ്ങൾ നടക്കുന്നുണ്ട്. നിലയത്തിനു വൻതോതിൽ ജലം വേണം. അത് കാര്യങ്കോട് പുഴയിൽ നിന്നെടുക്കുമെന്നാണ് സർക്കാർ പറയുന്നത്. സ്വകാര്യ മേഖലയിൽ വരുന്ന ഒരു നിലയത്തിനാവശ്യമായ ഭൂമി മുഴുവൻ സർക്കാർ നൽകും. വെള്ളവും നൽകും. പക്ഷെ കമ്പനി ലാഭമുണ്ടാക്കും. പ്രകൃതി വാതകം വഴിയുള്ള വൈദ്യുതി ചിലവു കുറഞ്ഞതാണെന്നതാണല്ലോ എന്നതാണ് ഇപ്പോൾ ഉയർത്തുന്ന വാദം. കായംകുളത്ത് (മുമ്പ് കണ്ണൂരിലെ ഇരിണാവിലും) നാഫ്ത ഉപയോഗിച്ച് താപനിലയം പ്രഖ്യാപിച്ചപ്പോൾ പറഞ്ഞത് ഇതിന്റെ വില വളരെ കുറവായിരിക്കുമെന്നാണ്. കാരണം അന്നു നാഫ്തയ്ക്ക് വില വളരെ കുറവായിരുന്നു. എന്നാൽ കായംകുളം നിലയം പ്രവർത്തനമാരംഭിച്ചപ്പോഴേക്കും നാഫ്ത വില നാലിരട്ടിയിലധികമായി. അന്താരാഷ്ട്ര കമ്പോളം വില നിശ്ചയിക്കുന്നവയാണ് നാഫ്ത പോലെയുള്ള പ്രകൃതി വാതകവും. അതുകൊണ്ടു തന്നെ ചീമേനി താപനിലയം വരുമ്പോഴേക്കും വാതക വില എത്രയാകുമെന്നാർക്കറിയാം? എന്തായാലും 2000 കോടി രൂപയുടെ 'നിക്ഷേപ സാധ്യത' ഈ മേഖലയിലുണ്ടത്രേ!.

വിഴിഞ്ഞം തുറമുഖമാണ് മറ്റൊന്ന്. പഴയ എക്സപ്രസ് ഹൈവേക്കു പകരം ഇത്തവണ ഹൈസ്പീഡ് റെയിൽ കോറിഡോർ. നിങ്ങൾ അക്ഷരാർത്ഥത്തിൽ കോരിത്തരിക്കും. 650 കി.മി ദൂരം (കാസർകോട് നിന്നും തിരുവനന്തപുരം വരെ) കടക്കാൻ ആദ്യ ഘട്ടത്തിൽ മൂന്നുമണിക്കൂർ. പിന്നീട് ഒന്നര മണിക്കൂറാകും. നിലവിലുള്ള റെയിൽവെ ലൈനുമായി ഒരു ബന്ധവുമില്ലാതെ പുതുതായി സ്ഥലമെടുത്ത് നടപ്പാക്കുന്ന ഈ പദ്ധതിക്കാവശ്യം കേവലം 1.5 ലക്ഷം കോടി രൂപ. ( 2ജി സ്പെക്ട്രം അഴിമതി തുകയേക്കാൾ അൽപം കുറവുണ്ട്.) തിരുവനന്തപുരം നഗരത്തിലെ മോണോ റെയിൽ. (കഴക്കൂട്ടം മുതൽ ബാലരാമപുരം വരെ മീഡിയന് മുകളിലൂടെ പോകുന്ന റെയിൽ). സ്ഥലമെടുപ്പുകാര്യമായി വേണ്ട. 40 കി.മി വേഗതയുണ്ടാകും. ഒരു വണ്ടിയിൽ 200 യാത്രക്കാർക്കു കയറാം. എന്നാൽ ഇതിന്റെ ചിലവ് 3408 കോടി മാത്രം. കൊച്ചി മെട്രോയും 'ഷോകേസി'ൽ പ്രദർശനത്തിനുണ്ട്. ഡി.എം.ആർ.സി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ തുറന്ന ടെന്റർ വഴിയല്ലേ കരാറുകാരെ തെരഞ്ഞെടുക്കുക?

വ്യവസായ വികസന മേഖലയെന്ന പേരിൽ ദേശീയപാത നാൽപ്പത്തേഴിന്റെ ഇരുകരങ്ങളിലായ എറണാകുളം കോട്ടയം (!), തൃശൂർ, പാലക്കാട്, ജില്ലകളിൽ ധാരാളം ഭൂമി ഏറ്റെടുത്ത് കുത്തകകൾക്കു നൽകലാണ് പരിപാടി. ഹൈവേയിൽനിന്ന് 25 കി.മി ഇരുവശത്തുമുള്ള പ്രദേശമാണ് ലക്ഷ്യം. (സൂക്ഷിക്കുക, വീണ്ടും കുടിയൊഴിപ്പിക്കൽ വരുന്നു). ഭൂമി കുത്തകകൾക്കു നൽകിയാൽ അവർക്കെന്തും ചെയ്യാം. തുച്ഛ വിലക്ക് എച്ച്.എം.ടി ഭൂമി ബ്ലൂസ്റ്റാർ കമ്പനിക്കു നൽകിയിട്ട് മൂന്നു നാലു വർഷം കഴിഞ്ഞിട്ടും അവിടെ ഒരു കല്ലിടാൻ പോലും കഴിഞ്ഞിട്ടില്ല. സുപ്രീംകോടതി വിധിയിൽ 'വ്യാവസായികാവശ്യങ്ങൾക്കു മാത്രം' എന്നു പറഞ്ഞതാണ് പ്രശ്നമാണ്. എറണാകുളം ജില്ലയിലെ ആമ്പല്ലൂരിൽ ഇലക്ട്രോണിക് പാർക്ക് എന്നതാണ് മറ്റൊരു മെഗാ പദ്ധതി. നെൽപ്പാടം നികത്തിയും ജനങ്ങളെ കുടിയിറക്കിയും തൽക്കാലം 334 ഏക്കൽ സർക്കാർ എടുക്കുന്നു. ഇലക്ട്രോണിക് ഹാർഡ് വെയർ വ്യവസായ മത്രേ ലക്ഷ്യം? ഇത് എത്ര മാത്രം അസാധ്യമാണെന്നോർക്കുമറിയാം. സ്മാർട്ട് സിറ്റിക്ക് ഇത്രയേറെ കൊട്ടിഘോഷിച്ച് സ്ഥലമെടുത്തിട്ട് എന്തുണ്ടായി? ഇന്നത്തെ ആഗോള മാന്ദ്യകാലത്ത് ഏതു വ്യവസായി വരും?

## ചെറുകിട ഇടത്തരം പദ്ധതികൾ

ടൂറിസം തന്നെ പതിവുപോലെ ഒന്നാം സ്ഥാനത്ത്. എല്ലാത്തിലും ഒരു മലപ്പുറം - കോട്ടയം - ഇടുക്കി ടച്ചുണ്ട്. തിരൂരങ്ങാടിയിൽ ബോട്ട് ക്ലബ്ബ്, മലപ്പുറം പാണങ്ങാട് വിപുലമായ ഹെൽത്ത് സിറ്റി, പീരുമേട്ടിൽ റിസോർട്ട് കൃഷി, വാഗ്മൺ പുൽമേട്ടിൽ സാഹസിക ടൂറിസം. പാണക്കാട്ടു വരുന്ന സമുച്ചയത്തിനായി 183 ഏക്കർ സർക്കാർ കരുതിവെച്ചിട്ടുണ്ട്. ഈ ഭൂമി അലിഗഡ് സർവ്വകലാശാലക്കു നൽകുന്നതുമായി ബന്ധപ്പെട്ടുണ്ടായ വിവാദം (എൽ.ഡി.എഫ് സർക്കാർ കാലം) ഓർക്കുക. ഇതിനു പകരം പെരിന്തൽമണ്ണക്കടുത്തുള്ള (ഏലംകുളം) കുന്ന് അതിനു നൽകിയതിന്റെ പൊരുൾ ഇപ്പോൾ മനസ്സിലാകുന്നു. സ്വകാര്യ (ദേശി-വിദേശി) കുത്തകകൾക്ക് 183 ഏക്കൽ ഭൂമി നൽകും. അവർ എഡ്യൂക്കേഷണൽ സിറ്റിയും ഹോട്ടലുകളും ഷോപ്പിംങ്ങ് മാളുകളും സ്ഥാപിക്കും. ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി, (മലപ്പുറത്ത് ഇതില്ലല്ലോ) കാൻസർ ആശുപത്രി (പെയിൻ പാലിയേറ്റീവ് ക്ലീനിക്കും). ഇതാവശ്യം തന്നെ, ഇന്നത്തെ ജീവിതശൈലിക്ക്. രോഗികൾക്കും കൂടെ നിൽക്കുന്നവർക്കുമായി താമസ സൗകര്യം. പിന്നെ എല്ലാവർക്കുമായി ആഘോഷ - വിനോദ മേഖലയും. ചുരുക്കത്തിൽ രോഗ ചികിത്സക്കൊപ്പം ഒരുതരം അന്താരാഷ്ട്ര അടിച്ചുപൊളി ജീവിതവും. ഗോൾഫ് ക്ലബുകൂടി ആകാമായിരുന്നു. അതിനിയും ആകാം. നിക്ഷേപകർക്കു വൻ ലാഭം, സമ്പന്നർക്ക് ആഹ്ലാദം, ഇതാണ് ഉയർത്തെഴുന്നേൽക്കുന്ന കേരളം.

കരിമണൽ ഖനനം (ആലപ്പുഴയിൽ) ജനങ്ങൾ തടഞ്ഞതാണ് പണ്ട്. എന്നാൽ അതിപ്പോൾ വീണ്ടും വരുമെന്നുറപ്പായി. അതിനുള്ള പദ്ധതികൾ ഇതിലുണ്ട്. ഇപ്പോൾ ഖനനം മൂലം നശിച്ച ആലപ്പാട് (കൊല്ലം) പ്രദേശത്തോടൊപ്പം ആലപ്പുഴയിലെ ആറാട്ടുപ്പുഴയും, തൃക്കുന്നപുഴയും ചേർത്തിരിക്കുന്നു. ജനകീയ പ്രശ്നത്തിനു പരിഹാരം കാണാനുള്ള പദ്ധതികളുമുണ്ട്. കേന്ദ്രീകൃത മാലിന്യ സംസ്കരണം, കൊച്ചി ബ്രഹ്മകുളം, കോഴിക്കോട് (ഞെളിയൻ പറമ്പ്) എന്നിവിടങ്ങളിൽ യഥാക്രമം 500 ടൺ - 2005 ടൺ മാലിന്യം വീതം പ്രതിദിനം 'സംസ്കരിക്കുവാൻ' ശേഷിയുള്ള പ്ലാന്റത്രേയത്. കേരളത്തിലെല്ലായിടത്തും കേന്ദ്രീകൃത മാലിന്യ സംസ്കരണം വൻ പരാജയമാകുകയും ജനങ്ങൾ പ്രതിരോധിക്കുകയും ചെയ്യുന്ന ഇക്കാലത്ത് ഇവിടെ വീണ്ടും നൂറുകണക്കിനു കോടികൾ മുടക്കുന്നത് എന്തിനാണ്?

കുടിവെള്ളം കുപ്പിയിലാക്കി വിൽക്കുന്നതടക്കം നിരവധി പദ്ധതികൾ വേറെയുമുണ്ട്. എന്തായാലും ദരിദ്രർക്കും സാധാരണക്കാർക്കും ശുദ്ധജലമോ ശുദ്ധഭക്ഷണമോ നൽകികൊണ്ടല്ല കേരളം 'ഉയർത്തെഴുന്നേൽക്കുന്നത്.' മറിച്ച് കുത്തകകൾക്ക് കൊള്ള നടത്താനും സമ്പന്നർക്ക് ആർമാദിക്കാനും അവസരമൊരുക്കിക്കൊണ്ടാണ്.